ഉപചോദ്യം ചോദിക്കാനുള്ള അവസരം തന്നുകൊണ്ട് 5 മിനിറ്റ് സമയം ചോദ്യോത്തര സമയം നൽകേണ്ടതായിട്ടുണ്ട്. ഇത് 30-6-1987-ലും 29-7-1987-ലും ഉള്ളതാണ്. മാസങ്ങൾ പലതു കഴിഞ്ഞിരിക്കുന്നു. ഇതുവരെയും അതിന് വ്യക്തമായ ഒരു മറുപടി മന്ത്രി നൽകാത്തത് സഭയോടും അങ്ങയോടുമുള്ള അനാദരവാണ് എന്നാണ് അങ്ങയുടെ മുമ്പാകെ എനിക്ക് സമർപ്പിക്കാനുള്ളത്. അതുകൊണ്ട് ഈ കാര്യത്തിൽ പരിഹാരം അങ്ങ് ഉണ്ടാക്കിത്തരണം.

## V. വേയ്സ് ആൻറ് മീൻസ് പൊസിഷൻ നിയന്ത്രിക്കുന്നതിന് ഗവൺമെൻറ് പുറപ്പെടുവിച്ച ഉത്തരവുകളെ സംബന്ധിച്ച സ്പീക്കറുടെ റൂളിംഗ്

<u>മി. സ്പീക്കർ:</u> എനിക്ക് ഒരു കാര്യം നിങ്ങളോട് പറയാനുള്ളത്, കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മെമ്പർ വി. എം. സുധീരൻ ഉന്നയിച്ച ഒരു ക്രമപ്രശ്നത്തെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട അംഗം വി. എം. സുധീരൻ വേയ്സ് ആൻറ് മീൻസ് പൊസിഷൻ നിയന്ത്രിക്കുന്നതിനുവേണ്ടി ഗവൺമെൻറ് 16-11-1987-ലും 27-11-1987-ലും പുറപ്പെടുവിച്ച ഉത്തരവുകളെ സംബന്ധിച്ച് ഇന്നലെ ഇവിടെ നടത്തിയ പരാമർശനവും അതിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നൽകിയ മറുപടിയും ചെയർ സശ്രദ്ധം പരിശോധിച്ചു. ഭരണഘടനാപരമായി ബാദ്ധ്യതയുള്ള നടപടിക്രമങ്ങൾക്കൊന്നും മുതിരാതെ എക്സിക്യൂട്ടീവിൻെറ ഇംഗിതത്തിന് അനുസരിച്ച് നിയമസഭ പാസാക്കിയ ധനാഭ്യർത്ഥനകൾ വിനിയോഗിക്കുക എന്നുള്ള ഒരു സ്ഥിതിവിശേഷത്തിലേക്ക് കാര്യങ്ങൾ നീങ്ങിയിരിക്കുന്നുവെന്നാണ് ശ്രീ. വി. എം. സുധീരൻ ഉന്നയിച്ച പ്രശ്നത്തിലെ കാതലായ അംശം. ട്രഷറികളിലൂടെയുള്ള പണം കൊടുക്കലുകൾ റിസർവ് ബാങ്ക് നിർത്തലാക്കുന്ന ഒരു സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതാണെന്നും ഇത് ധനവിനിയോഗ പരിധിയെ ബാധിക്കുകയില്ലെന്നും ധനകാര്യവകുപ്പു മന്ത്രി അദ്ദേഹത്തിൻെറ മറുപടി പ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നു. മുൻഗവൺമെൻറിൻെറ കാലത്ത് ചില ഇനങ്ങൾ ഒഴികെ മററ് ഇനങ്ങളിൽ പേമെൻറ് നിർത്തലാക്കുകയുണ്ടായെന്നും, എന്നാൽ ഈ സർക്കാർ ഒരിനത്തിലും പേമെൻറ് നിർത്തലാക്കിയിട്ടില്ലെന്നും ധനകാര്യമന്ത്രി ചൂണ്ടിക്കാണിച്ചു.

ഇതു സംബന്ധിച്ചു ചെയർ ഒരു കാര്യം ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധയ്ക്കുവേണ്ടി പറയാൻ ആഗ്രഹിക്കുകയാണ്. ഇതേ സ്വഭാവമുള്ള വേറൊരു പ്രശ്നം 7-11-1986-ൽ സഭയിൽ ഞാൻ തന്നെ ഉന്നയിക്കുകയുണ്ടായി. അന്ന് ഉന്നയിച്ച പ്രശ്നത്തിൻെറ സ്വഭാവം ഇതാണ്. "കഴിഞ്ഞദിവസം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സഭയിൽ ഒരു ഓർഡിനൻസ് വയ്ക്കുകയുണ്ടായി. 20-ാം തീയതിയാണ് സഭ സമ്മേളിച്ചത്. ഓർഡിനൻസ് പുറപ്പെടുവിച്ചത് 18-ാം തീയതി ശനിയാഴ്ച രാത്രിയിലാണ്. പിറേറന്ന് ഞായറാഴ്ച, അടുത്ത ദിവസം തിങ്കളാഴ്ച അസംബ്ലികൂടും. ഇത് എന്തിനുവേണ്ടിയാണെന്നു ചോദിച്ചാൽ സഭയുടെ ആതറൈസേഷൻ ഇല്ലാതെ പണം ചെലവുചെയ്യാൻ വേണ്ടിയിട്ടുള്ള ഒരു ഓർഡിനൻസാണ്.—Appropriation from the Consolidated Fund—സഞ്ചിതനിധിയിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പണം നിയമസഭയുടെ യാതൊരു അറിവും കൂടാതെ ഒരു ഓർഡിനൻസ് വഴി ചെലവഴിക്കുന്നതിനുള്ള ഒരു ഓർഡിനൻസാണ് മേശപ്പുറത്തു വച്ചത്. ഈ നടപടി ഇംപ്രൊപ്പർ ആണ്. സഭ കൂടുന്നത് 20-ാം തീയതി. അതിൻെറ തലേദിവസം നമ്മുടെ സഞ്ചിതനിധിയിൽനിന്ന് കോടിക്കണക്കിനു രൂപ ചെലവു ചെയ്യാൻ ഗവൺമെൻറിന് അധികാരം നൽകുന്ന ഒരു ഓർഡിനൻസാണ് 18-ാം തീയതി നിശയുടെ നടുവിൽ പുറപ്പെടുവിച്ചത്. ഇത് സഭയോടുള്ള അവഹേളനമാണ്, അനാദരവാണ്'' ഇതാണ് അന്ന് ഉന്നയിച്ചത്. ബഹുമാനപ്പെട്ട സ്പീക്കർ അന്ന് മറുപടി നൽകിയത്. ''ശ്രീ. വർക്കല രാധാകൃഷ്ണൻ ഇവിടെ ഒരു പ്രശ്നം ഉന്നയിച്ചു പ്രശ്നത്തിൻമേൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിൻെറ നിലപാട് വിശദീകരിച്ചിട്ടുണ്ട്. അത് ഒരു പ്രത്യേകസാഹചര്യത്തിൽ ചെയ്യേണ്ടിവന്നതാണ്. അതുകൊണ്ട് ചെയർ ഇത് പ്രൊസീഡ് ചെയ്യാൻ അനുവദിക്കുകയാണ്. ഒബ്ജക്ഷൻ ഓവർറൂൾ ചെയ്യുന്നു. പക്ഷേ അതിൻെറ പ്രധാന പോയിൻറ്, മേലിൽ നിയമസഭ സമ്മേളിക്കാൻ നോട്ടീസ് നൽകിയതിനുശേഷം തൊട്ടടുത്തദിവസങ്ങളിൽ ഓർഡിനൻസ് കൊണ്ടുവരുന്നത് പ്രൊപ്പർ അല്ല, മേലിൽ അത് ഉന്നയിക്കരുത്'' This was the ruling.................(ബഹളം).......................... നിയമസഭയിൽ സ്പീക്കറാണ് വലുത്. Individuals are immaterial.

ശ്രീ. കെ. കരുണാകരൻ: മേലാൽ അതുണ്ടാകരുതെന്ന് റൂൾചെയ്ത സ്ഥിതിക്ക് പിന്നീട് ഉണ്ടായത് തെററല്ലേ?

മി. സ്പീക്കർ: എന്നാൽ അപ്രോപ്രിയേഷൻ ആക്ടിൽ കാണിക്കുന്നത് ഓരോ ഡിമാൻറിനും ചെലവിടാവുന്ന പരമാവധി തുക മാത്രമാണ്. ആ പരിധി ലംഘിക്കുന്നതിന് ധനകാര്യവകുപ്പിനോ മററുവകുപ്പുകൾക്കോ അധികാരമില്ല. എന്നാൽ ശ്രീ. വി. എം. സുധീരൻ ചൂണ്ടിക്കാണിച്ച രണ്ട് ഉത്തരവുകളും ദിവസംപ്രതിയുള്ള സർക്കാരിൻെറ വേയ്സ് ആൻറ് മീൻസ് നില കണക്കിലെടുത്ത് ട്രഷറികളിൽനിന്നും പണം പിൻവലിക്കുന്നതിനുള്ള നിയന്ത്രണം മാത്രമാണ്. 50;000 രൂപയ്ക്കുമേൽ ട്രഷറിയിൽ നിന്ന് പണം പിൻവലിക്കുന്നതിന് ധനകാര്യവകുപ്പിൻെറ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കണമെന്നുള്ള വ്യവസ്ഥ ഏർപ്പെടുത്തിയെന്നു മാത്രമേയുള്ളു. പേമെൻറ് നിർത്തലാക്കിയിട്ടില്ല. ഒരു പേമെൻറും ഈ ഗവൺമെൻറ് നിർത്തലാക്കിയതായി ഉത്തരവിൽ പറഞ്ഞിട്ടില്ല. 50,000 രൂപയ്ക്ക് മുകളിലുള്ള ചെലവിന് ട്രഷറിയിൽ ചെക്ക് മാറിക്കൊടുക്കുന്നതിന് ഗവൺമെൻറിനെക്കൂടെ അറിയിച്ചിരിക്കണമെന്നുമാത്രമേ വ്യവസ്ഥയുള്ളു. There is no restriction in making any payment. There is only a condition. The condition is that if the payment is beyond 50,000 rupees, it should be made with the knowledge of the Finance Department. മുൻകൂട്ടിയുള്ള അനുമതിവാങ്ങിയിരിക്കണമെന്നാണ് വ്യവസ്ഥ. സഭ പാസാക്കിയ ചെലവിനങ്ങൾക്കുള്ള തുക നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് ഉപയോഗപ്പെടാനാവാത്ത ഒരു സാഹചര്യം മേൽപ്പറഞ്ഞ ഉത്തരവുകൾ മൂലം ഉണ്ടായിട്ടില്ല. ശ്രീ. വി. എം. സുധീരൻ ചൂണ്ടിക്കാണിച്ച രണ്ടു ഉത്തരവുകളും നിയമസഭ പാസാക്കിയ ധനവിനിയോഗ ബില്ലിൻെറ പരിധിയെ നിയന്ത്രിക്കുകയില്ലായെന്നും പരമാധികാരത്തെ ടി ഉത്തരവുകൾ ഒരുതരത്തിലും ബാധിക്കുകയില്ലായെന്നും ചെയർ റൂൾ ചെയ്യുന്നു. അതേ സന്ദർഭത്തിൽ..........................................................

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ): കഴിഞ്ഞ പ്രാവശ്യം ഈ സഭ കൂടിക്കൊണ്ടിരിക്കുമ്പോഴം പണം നിയന്ത്രിച്ചുകൊണ്ടുള്ള ഒരു ഓർഡിനൻസാണ് ഇറക്കിയത്. അതിനെപ്പററിയായിരുന്നു അന്ന് വിലയിരുത്തിയത്. അത് ജി. ഓ. അല്ല. പ്രയോററിററി കൊടുത്തത് ഇന്നതുപോലെ പണം ആദ്യം ചെലവ് ചെയ്യണം ചെയ്യണ്ടായെന്നുള്ള വിധത്തിൽ ചില നിയന്ത്രണങ്ങളും ഒരു ഗവൺമെൻറിന് ഏർപ്പെടുത്തേണ്ടിവരും. ആ വിധത്തിലുള്ള ഒരു നിയന്ത്രണമല്ലാതെ ഈ ഉത്തരവിൽ മറെറാന്നുമില്ല.

മി. സ്പീക്കർ: ഇവിടെ വേയ്സ് ആൻറ് മീൻസിനെ സംബന്ധിച്ചാണ് പ്രശ്നം. തീർച്ചയായിട്ടും പൊതുനിയമം എന്താണെന്നുചോദിച്ചാൽ ഏതു ഗവൺമെൻറായാലും ഈ സഭ അംഗീകരിക്കുന്ന ചെലവുകളം മാത്രമേ ചെയ്യാവൂ. അത് എക്സസ് വന്നാലാണ് പിന്നെ സപ്ലിമെൻററി ഗ്രാൻറ് കൊണ്ടുവന്ന് പാസാക്കുന്നത്. എക്സസ് വരാൻ പാടില്ല. എക്സസ് വന്നാൽ further sanction of the House is necessary. You will have to bring in supplementary Demands for Grands and get it passed. ചിലപ്പോഴം എക്സസ് വരും. ഇവിടെ വന്നത് പേമെൻറിനെ സംബന്ധിച്ചുള്ള റെസ്ട്രിക്ഷൻ മാത്രമാണ്. It is not a poilcy decision. തീർച്ചയായിട്ടും സഭ സമ്മേളിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ഗവൺമെൻറ് പോളിസി ഡിസിഷനെടുത്താൽ ഈ സഭയിൽ അത് അറിയിക്കണമെന്നുള്ളത് നിർബന്ധമാണ്, അറിയിച്ചിരിക്കണം. ഇതു ഇപ്പോഴം പരിശോധിച്ചതിൽ പോളിസി ഡിസിഷനൊന്നുമില്ല. ഇത് ഡേ-ടു-ഡേ പേമെൻറിനെ സംബന്ധിച്ചുള്ള ഒരു ഓർഡർ മാത്രമാണ്. എന്നാലും ബഹുമാനപ്പെട്ട സുധീരൻ ഇത് ഉന്നയിച്ചത് കാര്യമായിയെന്നാണ് ചെയറിൻെറ അഭിപ്രായം. ഇവിടത്തെ വികസന പ്രവർത്തനങ്ങളം നിന്നുപോയിയെന്നുള്ള തെററിദ്ധാരണ നീങ്ങാൻ ശ്രീ. വി. എം. സുധീരൻ ഉന്നയിച്ച ഈ ക്രമപ്രശ്നം വളരെ സഹായകമായിതീർന്നിട്ടുണ്ട് എന്ന് ചെയറിന് അഭിപ്രായമുണ്ട്. അപ്പോഴം മന്ത്രിയ്ക്കും ഈ ഗവൺമെൻറിൻെറ നില വിശദീകരിക്കാനുള്ള സന്ദർഭവും കിട്ടി. അതുകൊണ്ട് നിയമസഭ കൂടുന്ന സന്ദർഭത്തിൽ പേമെൻറിനെ സംബന്ധിച്ചിടത്തോളം നിയമസഭയെ അറിയിക്കുന്നതും നല്ലതാണെന്ന് മാത്രമേ ഞാൻ പറയുന്നുള്ളു.

ശ്രീ. ടി. എം. ജേക്കബ് ഉന്നയിച്ച പ്രശ്നത്തിന് മറുപടി പിന്നീട് പറയുന്നതാണ്.

## VI. റിപ്പോർട്ടുസമർപ്പണം

### 1982-ലെ ശമ്പളവും ബത്തകളും നൽകാൻ (ഭേദഗതി) ബില്ലിനെപ്പററിയുള്ള സബ്ജക്ട്കമ്മിററി റിപ്പോർട്ട്

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കുവേണ്ടി 1987-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലിനെപ്പററിയുള്ള സബ്ജക്ററ്കമ്മിററി റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.